# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2020

13/06/2019-ൽ മറുപടി
നൽകേണ്ടത്

### *ജലപാതകൾ*

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. രാജഗോപാലൻ | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| ജലപാതകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച വാട്ടർ വേയ്സ് ഇൻഫ്രാസ്ട്രക്ചർ എന്ന കമ്പനിയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ? | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ തിരുവനന്തപുരത്തെ പാർവ്വതീ പുത്തനാർ, തൃശ്ശൂർ ഭാഗത്തെ കനോലികനാലിന്റെ കോട്ടപ്പുറം മുതൽ പൊന്നാനി വരെയുള്ള ഭാഗം, കനോലി കനാലിന്റെ തന്നെ കോഴിക്കോട് നഗരത്തിലുള്ള കല്ലായിപ്പുഴ മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഭാഗം എന്നിവയുടെ ശുചീകരണം KWIL നടത്തിവരുന്നു. മാഹിപ്പുഴയ്ക്കും വളപട്ടണം പുഴയ്ക്കും ഇടയിലുള്ള മൂന്ന് ജലപാതകളുടെ സ്ഥാനനിർണ്ണയം നടത്തി സ്ഥലം ഏറ്റെടുക്കലിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നീലേശ്വരം പുഴയെ ചിറ്റാരിപ്പുഴയുമായി ബന്ധിപ്പിക്കുന്ന 7 കി.മീ. ദൈർഘ്യമുള്ള കൃത്രിമ ജലപാതയുടെ സ്ഥാന നിർണ്ണയം പൂർത്തിയാക്കി. കൂടാതെ, തിരുവനന്തപുരം മുതൽ ബേക്കൽ വരെയുള്ള ജലപാത 2020-ൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഉൾനാടൻ ജലഗതാഗത വകുപ്പുമായി ചേർന്ന് നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ